# പ്രൈവറ്റ് രജിസ്ട്രേഷൻ തീയ്യതി നീട്ടി

കണ്ണൂർ സർവ്വകലാശാല 2021-22 അധ്യയന വർഷത്തെ വിവിധ പ്രോഗ്രാമ്മുകളിലേക്കുള്ള പ്രൈവറ്റ് രജിസ്ട്രേഷന് ഫൈനില്ലാതെ 14/12/2021 വരേയും ഫൈനോടുകൂടി 22/12/2021 വരെയും ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷയുടെ പ്രിൻറ്ഔട്ട് 31.12.2021 ന് മുമ്പ് സർവ്വകലാശാലയിൽ ലഭിക്കണം. രജിസ്ട്രേഷൻ സംബന്ധിച്ച വിശദ വിവരങ്ങൾ www.kannuruniversity.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 0497 -2715 183 , 185 ,189, 152 , 153 , 154

# ബോട്ടണി അസി.പ്രൊഫസർ ഒഴിവ്

കണ്ണൂർ സർവകലാശാല മാനന്തവാടി ക്യാമ്പസിൽ പ്രവർത്തിക്കുന്ന ബോട്ടണി ഡിപ്പാർട്ട് മെൻറിൽ ദിവസ വേതന അടിസ്ഥാനത്തിൽ രണ്ട് അസിസ്റ്റൻറ് പ്രൊഫസർമാരുടെ ഒഴിവുണ്ട് . അർഹരായ ഉദ്യോഗാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം 13 - 12 - 2021 (തിങ്കളാഴ്ച) 11 മണിക്ക് മാനന്തവാടി ക്യാമ്പസിൽ വച്ച് നടക്കുന്ന അഭിമുഖത്തിന് ഹാജരാകേണ്ടതാണ്

# പരീക്ഷാ വിജ്ഞാപനം

സർവകലാശാല പഠനവകുപ്പുകളിലെ 2015 സിലബസിലുള്ള ഒന്നാം സെമസ്റ്റർ സപ്ലിമെന്ററി (മേഴ്‌സി ചാൻസ് ഉൾപ്പെടെ ), നവംബർ 2020 പരീക്ഷകൾ വിജ്ഞാപനം ചെയ്തു . ഓൺലൈൻ പരീക്ഷാ രജിസ്ട്രേഷൻ 08.12.2021 ന് ആരംഭിക്കും. ഓൺലൈൻ/ ഓഫ്‌ലൈൻ അപേക്ഷകൾക്കുള്ള അവസാന തീയതി പിഴയില്ലാതെ 10.12.2021 വരെയും പിഴയോടുകൂടെ 13.12.2021 വരെയുമാണ്. അപേക്ഷകളുടെ പകർപ്പും ചലാനും 16.12.2021 നകം സമർപ്പിക്കണം. വിശദമായ പരീക്ഷാ വിജ്ഞാപനം www.kannuruniversity.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

സർവകലാശാല പഠനവകുപ്പുകളിലെ 2015 സിലബസിലുള്ള രണ്ടാം സെമസ്റ്റർ സപ്ലിമെന്ററി (മേഴ്‌സി ചാൻസ് ഉൾപ്പെടെ ), മെയ് 2021 പരീക്ഷകൾ വിജ്ഞാപനം ചെയ്തു. ഓൺലൈൻ പരീക്ഷാ രജിസ്ട്രേഷൻ 14.12.2021 ന് ആരംഭിക്കും . ഓൺലൈൻ/ ഓഫ്‌ലൈൻ അപേക്ഷകൾക്കുള്ള അവസാന തീയതി പിഴയില്ലാതെ 16.12.2021 വരെയും പിഴയോടുകൂടെ 18.12.2021 വരെയുമാണ്. അപേക്ഷകളുടെ പകർപ്പും ചലാനും 22.12.2021 നകം സമർപ്പിക്കണം . വിശദമായ പരീക്ഷാ വിജ്ഞാപനം www.kannuruniversity.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.